തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) പ്രാദേശിക സർക്കാരുകളുടെ വിഹിതം കൂട്ടുന്നതിനെ സംബന്ധിച്ച് അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ 1 മുതൽ 30 വരെയുള്ള ശിപാർശകളും വരുമാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് 32 മുതൽ 58 വരെയുള്ള ശിപാർശകളും അനുബന്ധമായി ചേർക്കുന്നു.*

(ബി) 2017 ഓഗസ്റ്റ് 19-ലെ സ.ഉ. (കൈ) നമ്പർ 407/2017/ധന. ഉത്തരവ് പ്രകാരം അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശയിന്മേൽ ഉത്തരവായിട്ടുണ്ട്.

(സി) സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ടിന്മേലുള്ള തീരുമാനത്തിൽ കെട്ടിട നികുതി വർഷംതോറും 5% വർദ്ധിപ്പിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

ഇത് ജനങ്ങൾക്ക് അധിക നികുതി ഭാരമായി വരുമോയെന്ന് പരിശോധിച്ചിട്ടില്ല.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### തരിശുഭൂമിയും ജലസ്രോതസ്സുകളും കർഷകർക്ക് വിട്ടുകൊടുക്കുന്നതിന് പദ്ധതി

1 (2835) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരിശായി കിടക്കുന്ന കൃഷിയോഗ്യമായ ഭൂമിയും മറ്റ് ജല സ്രോതസ്സുകളും കൃഷി ആവശ്യങ്ങൾക്കായി കർഷകർക്ക് വിട്ടുകൊടുക്കുന്ന പദ്ധതി നിലവിലുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഓരോ ജില്ലയിലും തരിശായി കിടക്കുന്ന ഭൂമിയുടെ കണക്ക് പഞ്ചായത്തുതിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. തരിശ്ഭൂമി കൃഷി ആവശ്യത്തിന് വിട്ടുകൊടുക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി ഭൂവുടമകൾക്ക് പ്രോത്സാഹനം നൽകുന്ന പദ്ധതി നിലവിലുണ്ട്. തിരശായി കിടക്കുന്ന ഭൂമിയിൽ കൃഷി ചെയ്യുന്നതിന് കർഷകർക്ക് കൃഷി വകുപ്പ് ആനുകൂല്യം നൽകുന്നുണ്ട്.

നെൽകൃഷി വികസന പദ്ധതി പ്രകാരം തരിശായി കിടക്കുന്ന നിലങ്ങൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റെടുത്ത് അവിടെ നെൽകൃഷി ചെയ്യുന്ന കർഷകർക്കും കർഷക കൂട്ടായ്മകൾക്കും ഹെക്ടറിന് 1-ാം വർഷം 25,000 രൂപ, 2-ാം വർഷം 5,800 രൂപ, 3-ാം വർഷം 3,750 രൂപ ധനസഹായം നൽകിവരുന്നു. കൂടാതെ തരിശായി കിടക്കുന്ന നിലങ്ങൾ നെൽകൃഷിയിറക്കുന്നതിനായി വിട്ടുകൊടുക്കുന്ന പ്രകാരം ഭൂവുടമകൾക്ക് ഹെക്ടറിന് 1-ാം വർഷം 5,000 രൂപ, 2-ാം വർഷം 1,200 രൂപ, 3-ാം വർഷം 750 രൂപ പ്രകാരവും പ്രോത്സാഹനമായി നൽകിവരുന്നു. അതുപോലതന്നെ പച്ചക്കറി കൃഷി ചെയ്യുന്നതിന് കർഷകർക്ക് ഹെക്ടറിന് 25,000 രൂപയും അതിനായി ഭൂമി വിട്ടുനൽകുന്ന ഭൂവുടമയ്ക്ക് 5,000 രൂപയും ആനുകൂല്യം നൽകിവരുന്നു.

ജനകീയാസൂത്രണ പദ്ധതിയുടെ 2017-18-ലെ സബ്സിഡി മാർഗ്ഗനിർദ്ദേശം പ്രകാരം സ.ഉ.(എം.എസ്.)നമ്പർ 80/2017/തസ്വഭവ, തീയതി 3-4-2017) പ്രദർശന മാതൃകാ കൃഷിത്തോട്ടങ്ങളും ഔഷധസസ്യ തോട്ടങ്ങളും നഴ്സറികളും വിത്ത് ഉല്പാദന കേന്ദ്രങ്ങളും തരിശുരഹിത ഗ്രാമവും എന്ന പദ്ധതിയുടെ മാനദണ്ഡങ്ങളിൽ കൃഷിയോഗ്യമായ തരിശുഭൂമി സ്വന്തം/പാട്ടത്തിനുള്ളത് മാതൃക പ്രദർശന തോട്ടമായി കൃഷി ചെയ്യണമെന്ന് ഉൾപ്പെടുത്തിയിരിക്കുന്നു. പദ്ധതി നിർവ്വഹണത്തിനായുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ തരിശുഭൂമി കൃഷിക്ക് വിട്ടുകൊടുക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ ഭൂവുടമകളുമായി ചർച്ചചെയ്ത് നാമമാത്രമായ പാട്ടം നിശ്ചയിച്ച് വ്യവസ്ഥകൾ തയ്യാറാക്കണം. ഭൂവുടമ കൃഷി ചെയ്യാൻ അനുവദിക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനത്തെ ആയിരിക്കണം. ഈ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന കർഷകർ/കർഷക ഗ്രൂപ്പുകൾ/സ്വയംസഹായ സംഘങ്ങൾ/മറ്റുള്ളവർ എന്നിവർക്കും ഭൂവുടമയുമായി കൃഷി ഭവന്റെ സാന്നിദ്ധ്യത്തിൽ കരാറിൽ ഏർപ്പെടണമെന്ന് നിർദ്ദേശിക്കുന്നുണ്ട്.

കൂടാതെ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട ആക്ടിലെ 15, 16 വകുപ്പ്, 2017-ലെ ഭേദഗതി ഓർഡിനൻസ് എന്നിവ പ്രകാരം തരിശായി ഇട്ടിരിക്കുന്ന നെൽവയൽ കൃഷി ചെയ്യുന്നതിന് ഉടമകൾക്ക് നിർദ്ദേശം നൽകുന്നതിനും അല്ലാത്തപക്ഷം ആയത് കൃഷി ചെയ്യുന്നതിനുള്ള അവകാശം പാടശേഖര സമിതികൾക്ക് അഥവാ സംയുക്ത കർഷക സംഘങ്ങൾക്ക്/ സ്വയംസഹായ സംഘങ്ങൾക്ക്/കുടുംബശ്രീ യൂണിറ്റുകൾക്ക്/മറ്റ് ഏതെങ്കിലും ആൾക്ക് നൽകുന്നതിനും പ്രാദേശിക നിരീക്ഷണ സമിതിക്ക് അധികാരമുണ്ട്.

ജലസ്രോതസ്സുകൾ കർഷകർക്ക് വിട്ടുകൊടുക്കുന്ന പദ്ധതി നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ കൃഷി വകുപ്പ് നടപ്പിലാക്കുന്ന Rainfed Area Project, PMKSY എന്നീ പദ്ധതികൾ വഴി വൃത്തിയാക്കുന്ന ജലസ്രോതസ്സുകൾ കർഷകർ ജലസേചനത്തിനായി ഉപയോഗിക്കുന്നതിന് അനുവദിക്കുന്നുണ്ട്.

(ബി) ഓരോ ജില്ലയിലും തരിശായി കിടക്കുന്ന ഭൂമിയുടെ കണക്ക് പഞ്ചായത്തുതിരിച്ച് കൃഷി വകുപ്പിൽ ലഭ്യമല്ല. ഇതിന്റെ കണക്കെടുപ്പ് കൃഷി വകുപ്പ് എടുത്തുവരികയാണ്.

**കർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറി ഏറ്റെടുക്കുന്നതിനുള്ള സംവിധാനം**

2 (2836) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു വർഷം എത്ര ടൺ പച്ചക്കറിയാണ് ആവശ്യമായിട്ടുള്ളത് ;

(ബി) ഇതിൽ സംസ്ഥാനത്ത് നിലവിൽ ഉല്പാദിപ്പിക്കുന്നത് എത്ര ടൺ പച്ചക്കറിയാണ് ;

(സി) ഈ സർക്കാർ നിലവിൽ വന്നശേഷം ആവിഷ്കരിച്ച വിവിധ പദ്ധതികളിലൂടെ നമ്മുടെ പച്ചക്കറി ഉത്പാദനത്തിൽ എന്ത് വർദ്ധനവ് ഉണ്ടാക്കുവാൻ കഴിഞ്ഞു;

(ഡി) സംസ്ഥാനത്തെ കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറി ഏറ്റെടുക്കുന്നതിനുള്ള സംവിധാനം കൃഷിവകുപ്പിനുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) നാഷണൽ സാമ്പിൾ സർവേ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് ഒരുവർഷം ആകെ 20.09 ലക്ഷം മെട്രിക് ടൺ പച്ചക്കറി ആവശ്യമാണ്.

(ബി) ഇതിൽ സംസ്ഥാനത്ത് 7.25 ലക്ഷം മെട്രിക് ടൺ പച്ചക്കറിയാണ് ഉൽപ്പാദിപ്പിക്കുന്നത്.

(സി) 2016-17 -ൽ സംസ്ഥാനത്ത് 52830 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും ഇതിൽനിന്നും ഏകദേശം 7.25 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2015-16-മായി താരതമ്യം ചെയ്യുമ്പോൾ 2016-17-ൽ 6252 ഹെക്ടർ സ്ഥലത്ത് അധികമായി പച്ചക്കറി കൃഷി ചെയ്തിട്ടുണ്ട്. ഇതിലൂടെ 97,000 മെട്രിക് ടൺ പച്ചക്കറി അധികമായി ഉൽപാദിപ്പിച്ചിട്ടുണ്ട്.

2017-18 വർഷം നാളിതുവരെ 52102 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി

LIBRARY ARCHIVES Kerala Legislative Assembly